Draft #9 of File p&D I/3/7230/2018/admn-sub file Approved by DEPUTY REGISTRAR (P & D) on 16-Jun-2020 10:28 AM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

Digitization of Tabulation Registers - സർവകലാശാല പരീക്ഷാ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് Uralungal Labour Contract Co-operative Society - യുമായി സർവകലാശാല ഏർപ്പെട്ട കരാർ പുതുക്കുന്നത് സംബന്ധിച്ച സിൻ ഡിക്കേറ്റ് ഉപസമിതിയുടെ ശുപാർശ -ബഹു: വൈസ് ചാൻസിലർ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 -ലെ സെക്ഷൻ 3 .10 (17 ) വിഭാഗത്തിലെ അധികാരം ഉപയോഗിച്ച് അംഗീകരിച്ചത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 2582/P&D 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.06.2020

---

*പരാമർശം:*-1 . സർവകലാശാല ഉത്തരവ് നം 5104 / P &D 1 / 2019 / എം ജി യു തീയതി 23 / 10 / 2019

2 .09/01/2020തീയതിയായി നൽകിയ വർക്ക് ഓർഡർ നം P&D 1/3/7230/2018/admn-sub file

3 .2 / 04 / 2020 തീയതിയായി Uralunkal Labour technology solutions -ൽ നിന്നും ലഭിച്ച ഇ -മെയിൽ സന്ദേശം .

4 .11 / 06/ 2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി യോഗം (ആസൂത്രണവും വികസനവും ) മിനിറ്റ്സ് ഇനം നം DDFS-7230/Admn Sub File 2018

**<u>ഉത്തരവ്</u>**

സർവകലാശാല പരീക്ഷാ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തിക്കായി പരാമർശം ( 1 ) പ്രകാരം Uralungal Labour Contract Co-operative Society - യുമായി സർവകലാശാല കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2 ) പ്രകാരം ടി പ്രവർത്തി 31/03/2020 തീയതിയോടെ പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ നിലവിലെ ലോക്ക് ഡൌൺ സാഹചര്യത്തിൽ ടി പ്രവർത്തി പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നു എന്നും ആയതിനാൽ പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണത്തിനായി കരാർ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപെട്ടു Uralungal Labour Contract Co-operative Society യുടെ ഭാഗത്തു നിന്നും ഇ മെയിൽ സന്ദേശം ലഭിച്ചിരുന്നു.

ടി വിഷയം പരിഗണിച്ച ലീഗൽ വിഭാഗം പുതിയ വർക്ക് ഓർഡർ കൂടാതെ തന്നെ നിലവിലുള്ള കരാർ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടു കരാർ നീട്ടാവുന്നതാണെന്നു ശുപാർശ ചെയ്തിരുന്നു. പ്രസ്തുത കരാർ പുതുക്കുമ്പോൾ നിലവിലെ സാമ്പത്തിക വർഷം തീരുന്ന തീയതി വരെ (31 / 03 2021) കാലാവധി അനുവദിച്ചു കൊണ്ട് കരാർ പുതുക്കുന്നത് ഉചിതമാകുമെന്ന പരീക്ഷ വിഭാഗവും ശുപാർശ ചെയ്തിരുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ടി ശുപാർശകളുടെ അടിസ്ഥാനത്തിൽ മേൽ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ബഹു: വൈസ് ചാൻസിലർ ഉത്തരവായിരുന്നു.

11 / 06/ 2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി യോഗം (ആസൂത്രണവും വികസനവും )പരാമർശം (4 ) പ്രകാരം സർവകലാശാല പരീക്ഷാ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി Uralungal Labour Contract Co-operative Society യുമായി സർവകലാശാല ഏർപ്പെട്ടിരുന്ന കരാർ ലോക്ഡൗൺ സാഹചര്യത്തിൽ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ അതേപടി നിലനിർത്തിക്കൊണ്ടു കരാറിന്റെ കാലാവധി 31 / 03 2021 വരെ ദീർഘിപ്പിച്ചുകൊണ്ടു സപ്ലിമെന്ററി കരാറിൽ ഒപ്പുവയ്ക്കുന്നതിനു ശുപാർശ ചെയ്യുകയും ,ആയതു ബഹു: വൈസ് ചാൻസിലർ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 -ലെ അദ്ധ്യായം 3 പരിച്ഛേദം 10 (17 ) വിഭാഗത്തിലെ അധികാരം ഉപയോഗിച്ച് അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . വി സി യുടെ പ്രൈവറ്റ് സെക്രട്ടറി
2 .,പി വി സി യുടെ പ്രൈവറ്റ് സെക്രട്ടറി
3 . രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
4 .ഫിനാൻസ് IV /ഓഡിറ്റ് 1 / അക്കൗണ്ട്സ് v / പി ആർ ഒ
5 . ജനറൽ ക്യാഷ് / എ ഡി ഡി / സി എം സ് / റെക്കോർഡ്സ്
6 . ജോ . ഡയറക്ടർ ,കെ എസ് എ ഡി മഹാത്മാ ഗാന്ധി സർവകലാശാല കാര്യാലയം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #9 of File p&D I/3/7230/2018/admn-sub file Approved by DEPUTY REGISTRAR (P & D) on 16-Jun-2020 10:28 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം